# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5240 27.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

<u>ചോദ്യം</u>

ശ്രീ.ഇ.പി.ജയരാജൻ
,, ബി.സത്യൻ
,, ജി.സുധാകരൻ
പ്രൊഫ. സി.രവീന്ദ്രനാഥ്

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമിക്കായി അപേക്ഷ സമർപ്പിച്ചവരിൽ മഹാഭൂരിപക്ഷം പേർക്കും ഇനിയും ഭൂമി ലഭ്യമായിട്ടില്ല എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളായിട്ടാണ് ഭൂമി വിതരണം ചെയ്യുന്നത്. ഒന്നാം ഘട്ടത്തിൽ 14 ജില്ലകളിലുമായി 36,491 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാം ഘട്ടത്തിൽ തന്നെ ഭൂമി അനുവദിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ രണ്ടാം ഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകാൻ തക്കവിധത്തിലുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |
| (ബി) | അപേക്ഷകർക്ക് സർക്കാർ അനുവദിച്ച എന്ന് പറയപ്പെടുന്ന ഭൂമി അപേക്ഷകരിൽ പലർക്കും ഇതേവരെ കണ്ടെത്താനായിട്ടില്ല എന്ന വസ്തുത അറിവുള്ളതാണോ; | പട്ടയം നൽകിയവർക്ക് ഭൂമിയുടെ കൈവശം വിട്ടുകൊടുക്കുന്ന പ്രവർത്തനം ജില്ലാതലത്തിൽ ത്വരിതഗതിയിൽ നടന്നുവരുകയാണ്. |
| (സി) | അപേക്ഷകരിൽ ഭൂമി കൈവശം വാങ്ങിയവരുടെ യഥാർത്ഥ കണക്ക് ലഭ്യമാക്കാമോ; | 30.06.2015-ലെ കണക്കനുസരിച്ച് 24,588 പേർക്ക് ഭൂമിയുടെ കൈവശം വിട്ടുകൊടുത്തിട്ടുണ്ട്. പട്ടയം നൽകി കഴിഞ്ഞ് ചില പ്ലോട്ടുകൾ സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകൾ ഉണ്ടായവ ഒഴിച്ചുള്ള ബാക്കി ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ജില്ലകളിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ